# കേരള സർക്കാർ

## പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരണം

**പ്രവൃത്തിപഠനം**

**റിപ്പോർട്ട്**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.1) വകുപ്പ്**

**2024**

# പ്രവൃത്തിപഠന റിപ്പോർട്ട്

| | | |
|---|---|---|
| തയ്യാറാക്കിയത് | : | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.1) വകുപ്പ് |
| സംഘാംഗങ്ങൾ | : | 1. ശ്രീ. എസ്. ബൈജു, സെക്ഷൻ ഓഫീസർ<br>2. ശ്രീ. ബി. പി. ഷാജി, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>3. ശ്രീ. എസ്. അജിത്കുമാർ, സീനിയർ ഗ്രേഡ് അസിസ്റ്റന്റ് |
| നേതൃത്വം നൽകിയവർ | : | 1. ശ്രീമതി എ.ആർ. ഉഷ, അഡീഷണൽ സെക്രട്ടറി<br>2. ശ്രീമതി കെ. മിനിറാണി, ജോയിന്റ് സെക്രട്ടറി<br>3. ശ്രീമതി ദീപ ജി. നായർ, അണ്ടർ സെക്രട്ടറി<br>4. ശ്രീമതി എസ്. അജിതാബീഗം, അണ്ടർ സെക്രട്ടറി |
| അംഗീകാരം നൽകിയത് | : | ശ്രീ. പുനീത്കുമാർ IAS, അഡീഷണൽ ചീഫ് സെക്രട്ടറി |

# ഉള്ളടക്കം

പട്ടികകളുടെ ലിസ്റ്റ്


| അധ്യായം | ശീർഷകം | പേജ് നം. |
|---|---|---|
| 1. | ആമുഖം | 1-4 |
| 2. | രീതിശാസ്ത്രം | 5-8 |
| 3. | വിവരശേഖരണം | 9-10 |
| 4. | അട്ടപ്പാടി ട്രൈബ്രൽ താലൂക്ക് | 11-14 |
| 5. | അട്ടപ്പാടിയിൽ ട്രൈബ്രൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത | 15-22 |
| 6. | മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ വിവിധ തസ്തികളും ജോലിഭാരനിർണ്ണയവും | 23-38 |
| 7. | സൃഷ്ടിക്കേണ്ട തസ്തികകളും സാമ്പത്തിക ബാധ്യതയും | 39-40 |
| 8. | ശിപാർശകൾ | 41 |
| | കൃതജ്ഞത | |

## പട്ടികകളുടെ ലിസ്റ്റ്


| പട്ടിക നം. | ശീർഷകം | പേജ് നം. |
|---|---|---|
| 4.1 | അട്ടപ്പാടി ജനസംഖ്യാ വിവരം | 12 |
| 4.2 | അഗളി ട്രൈബൽ പ്രദേശത്തെ ജനസംഖ്യ. | 13 |
| 4.3 | പുതൂർ ട്രൈബൽ പ്രദേശത്തെ ജനസംഖ്യ. | 13 |
| 4.4 | ഷോളയൂർ ട്രൈബൽ പ്രദേശത്തെ ജനസംഖ്യ. | 13 |
| 5.1 | അട്ടപ്പാടി താലൂക്കിലെ റേഷൻ കാർഡുകളുടെ വിശദവിവരങ്ങൾ | 16 |
| 6.1 | മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ ഘടന | 23 |
| 6.2 | റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം | 32 |
| 6.3 | ക്ലർക്കുമാരുടെ ജോലിഭാരം | 36 |
| 7.1 | സൃഷ്ടിക്കേണ്ട തസ്തികകൾ | 39 |
| 7.2 | തസ്തികകൾ സൃഷ്ടിക്കുന്നതിലുള്ള സാമ്പത്തിക ബാധ്യത | 40 |

# അധ്യായം 1

# ആമുഖം

കേരളത്തിലെ ഏക ട്രൈബൽ താലൂക്കായ അട്ടപ്പാടി പാലക്കാട് ജില്ലയുടെ കിഴക്ക് ഭാഗത്തായി തമിഴ്നാടിന്റെ അതിർത്തിയായ കോയമ്പത്തൂർ ജില്ലയുമായി അതിർത്തി പങ്കിട്ടാണ് സ്ഥിതി ചെയ്യുന്നത്. സമുദ്ര നിരപ്പിൽ നിന്ന് ഏതാണ്ട് രണ്ടായിരത്തിലേറെ അടി ഉയരത്തിലുള്ള ഈ പ്രദേശത്തിന് ആലപ്പുഴ ജില്ലയുടെ പകുതിയിലേറെ വിസ്തീർണ്ണമുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ഉൾപ്പെടുന്ന അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് അട്ടപ്പാടി ട്രൈബൽ താലൂക്ക് രൂപീകരിച്ചിരിക്കുന്നത്. Integrated Tribal Development Project (ITDP) ന്റെ പക്കലുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ അട്ടപ്പാടിയിൽ ആകെ **80000** ത്തോളം ആളുകൾ താമസിക്കുന്നുണ്ട്. ഇതിൽ **35000** ത്തോളം ആളുകൾ ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ പെട്ടവരാണ്. നിലവിൽ അട്ടപ്പാടിയിൽ വിതരണം ചെയ്തിട്ടുള്ള റേഷൻ കാർഡുകളിലെ ആകെ ജനസംഖ്യ **68602** ആണ്. ഇതിൽ **33361** പേർ ഗോത്രവർഗ്ഗത്തിലുള്ളവരാണ്.

നിലവിൽ അട്ടപ്പാടി മേഖലയുടെ കേന്ദ്രമായി പരിഗണിക്കപ്പെടുന്നത് അഗളി ടൗൺ പ്രദേശമാണ്. ഇവിടെനിന്നും ഏകദേശം 30 മുതൽ 40 കിലോമീറ്റർ വരെ അകലെയായിട്ടാണ് ഗോത്രവർഗ്ഗക്കാരുടെ **നഗറുകൾ*** സ്ഥിതി ചെയ്യുന്നത്. ഇവയിൽ ഭൂരിഭാഗം നഗറുകളിലും ഗതാഗത സൗകര്യം താരതമ്യേന കുറവാണ്. ചില നഗറുകൾ ഉൾവനങ്ങളിൽ ഉൾപ്പെട്ടും കാണുന്നുണ്ട്. അതുപോലെ ടി മേഖലയിലെ സൈലന്റ് വാലി ഉൾപ്പെടുന്ന വനപ്രദേശങ്ങളിലും നിരവധി ആദിവാസി നഗറുകളുണ്ട്. അതീവ പരിസ്ഥിതി ദുർബല പ്രദേശമായ അട്ടപ്പാടിയിൽ ജനസംഖ്യയുടെ 40 ശതമാനത്തിലേറെപേർ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരാണ്. ഇവരിൽ ഭൂരിഭാഗവും

കൃഷിപ്പണിയും കൂലിപ്പണിയും ചെയ്തു ജീവിക്കുന്ന താഴ്ന്ന വരുമാനത്തിൽപ്പെട്ടവരാണ്.

അട്ടപ്പാടിയിൽ അധിവസിക്കുന്നവരിൽ പകുതിയിലധികം ജനങ്ങളും മുഖ്യധാരയിലേക്ക് എത്താത്ത ഗോത്രവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ഇവർക്കു പുറമെ കുടിയേറ്റക്കാരും കർഷകരുമായ ഒരു വലിയ ജനവിഭാഗം കൂടി ഇവിടെ അധിവസിക്കുന്നുണ്ട്. ഇവരും സർക്കാർ സേവനങ്ങളുടെ ഗുണഭോക്താക്കളാണ്.

പ്രധാനമായും റേഷൻ സംവിധാനത്തെ മാത്രം ആശ്രയിച്ചാണ് അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ ജനത ജീവിക്കുന്നത്. ഇക്കാരണത്താൽ തന്നെ റേഷൻ വിതരണ സംവിധാനത്തിന് പ്രത്യേക പരിഗണനയും സൂക്ഷ്മ നിരീക്ഷണവും ആവശ്യമാണ്. 193 വ്യത്യസ്ത നഗറുകളിലായി താമസിക്കുന്ന ഇവർക്ക് റേഷൻ കാർഡ് സംബന്ധമായ ഏതൊരു ആവശ്യത്തിനും നിലവിൽ വളരെയധികം ദൂരെയുള്ള മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിനെയാണ് ആശ്രയിക്കേണ്ടി വരുന്നത്.

## പ്രവൃത്തിപഠനത്തിന്റെ ഉദ്ഭവം

ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ റേഷനിംഗ് ആഫീസ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിവേദനം നൽകിയിരുന്നു. ടി നിവേദനത്തിന്മേലുള്ള റിപ്പോർട്ട് കമ്മിഷണർ സർക്കാരിൽ ലഭ്യമാക്കുകയും തുടർന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ A3/69/2023/ഭ.പൊ.വി. നമ്പർ ഫയലിന്മേലുള്ള ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവ് പ്രകാരം പ്രവൃത്തിപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.1) വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

**പ്രവൃത്തിപഠനത്തിന്റെ ആവശ്യകത**

"ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുക' എന്ന വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കുന്നതിനായി പ്രവൃത്തി പഠനം നടത്താൻ സർക്കാർ തീരുമാനിക്കുകയും ഇതുമായി ബന്ധപ്പെട്ട് പഠനസംഘം പ്രാരംഭ ഘട്ടത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, പാലക്കാട് ജില്ലാ സപ്ലൈ ഓഫീസർ, മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുമായി വിശദമായ ചർച്ചകളും നടത്തിയിരുന്നു.

അട്ടപ്പാടി താലൂക്കിലെ റേഷൻ വിതരണം നിർവഹിച്ചു വരുന്നത് മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നാണ്. അഗളി, പുതൂർ, ഷോളയൂർ പഞ്ചായത്തുകളിലായി അട്ടപ്പാടി മേഖലയിൽ ആകെ 48 റേഷൻ കടകളാണ് പ്രവർത്തിച്ചു വരുന്നത്. റേഷൻ വിതരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി അട്ടപ്പാടിയിൽ ഒരു റേഷനിംഗ് ഇൻസ്പെക്ടറുടെ സേവനം മാത്രമേ ലഭ്യമാകുന്നുള്ളൂ. മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ അഗളി ഫർക്കയുടെ ചുമതലയുള്ള റേഷനിംഗ് ഇൻസ്പെക്ടറാണ് നിലവിൽ ടി മേഖലയിലെ റേഷനിംഗ് വിതരണം ഏകോപിപ്പിക്കുന്നത്.

മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന് അട്ടപ്പാടി താലൂക്കിലെ ആദ്യത്തെ റേഷൻ കടയിലേക്ക് 20 കിലോമീറ്ററും അവസാനത്തെ റേഷൻ കടയിലേക്ക് 60 കിലോമീറ്ററും ദൂരവുമാണുള്ളത്. മിക്ക റേഷൻ കടകളും പ്രധാന പാതയിൽ നിന്ന് ഏതാണ്ട് 30 മുതൽ 50 കിലോമീറ്റർ വരെ അകലെയാണ് സ്ഥിതി ചെയ്യുന്നത്. ഇക്കാരണത്താൽ അട്ടപ്പാടിയിലെ റേഷൻ വിതരണവും റേഷൻ കാർഡ് വിതരണവും സംബന്ധിച്ച കാര്യങ്ങൾ പരാതിരഹിതവും സമയബന്ധിതവുമായി നിർവഹിക്കുന്നതിന് ഒരു റേഷനിംഗ് ഇൻസ്പെക്ടറുടെ സേവനം തികച്ചും പര്യാപ്തമല്ല. അതുമാത്രമല്ല റേഷൻ

വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അപേക്ഷകൾ നൽകുന്നതിനോ/പരാതികൾ പരിഹരിക്കുന്നതിനോ വേണ്ടി ഇവർക്ക് മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലാണ് വരേണ്ടത്. ഇവിടേക്ക് വരുന്നതിന് വളരെയധികം ദൂരം സഞ്ചരിക്കേണ്ടതുണ്ട്. ഇതിനായി പലപ്പോഴും നിത്യവൃത്തിക്കുള്ള തൊഴിൽ/കൃഷിപ്പണി എന്നിവ ഇവർക്ക് മാറ്റിവയ്ക്കേണ്ടി വരുന്നു. മേൽ സാഹചര്യത്തിൽ അട്ടപ്പാടി കേന്ദ്രീകരിച്ച് മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു താലൂക്ക് സപ്ലൈ ഓഫീസിന്റെ രൂപീകരണം ആവശ്യമാണോയെന്ന് കണ്ടെത്തുന്നതിന് ഒരു പ്രവൃത്തിപഠനം അനിവാര്യമാണ്

* സ.ഉ.(കൈ)നം.16/2024/SCSTD, തീയതി 18.06.2024

# അധ്യായം 2
# രീതിശാസ്ത്രം

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ട്രൈബൽ താലൂക്കിൽ ഒരു സപ്ലൈ ഓഫീസ് രൂപീകരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പഠന സംഘം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായിട്ട് ചർച്ചകളും അഭിമുഖങ്ങളും നടത്തുകയും അവരുടെ ജോലികളെ സസൂക്ഷ്മം നിരീക്ഷിക്കുകയും ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയിൽ നിന്നും പ്രാഥമിക സ്ഥിതിവിവരങ്ങളും (primary data) അതോടൊപ്പം ടി ഓഫീസുകളിൽ തയ്യാറാക്കുന്ന വിവിധ റിപ്പോർട്ടുകളിൽ നിന്നും ദ്വിതീയ സ്ഥിതിവിവരങ്ങളും (secondary data) എടുത്തുമാണ് വിവരശേഖരണം നടത്തിയിട്ടുള്ളത്.

പ്രവൃത്തിപഠനത്തിന്റെ മൂന്ന് അടിസ്ഥാനഘടകങ്ങളായ സംഘടനാ അപഗ്രഥനം (Organization Analysis), രീതി പഠനം (Method Study), ജോലിഭാര നിർണ്ണയം (Work Measurement) എന്നീ ശാസ്ത്രീയ മാർഗ്ഗങ്ങൾ ഇവിടെ ഉപയോഗിച്ചിട്ടുണ്ട്. Organization Analysis വഴി സംഘടനാ തത്ത്വങ്ങളുടെ (Principle of Organization) അടിസ്ഥാനത്തിൽ ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസിന്റെ ഘടനയും വിശകലനം ചെയ്തിട്ടുണ്ട്.

പ്രവൃത്തിപഠനത്തിന്റെ വൈവിധ്യവും പ്രത്യേക സ്വഭാവും കണക്കിലെടുത്ത് വിവരശേഖരണത്തിന് Census method, Sampling method എന്നിവ ഉപയോഗിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന ആറു ഘട്ടങ്ങളിലൂടെയാണ് പ്രവൃത്തിപഠനം നടത്തിയിരിക്കുന്നത്.

**ഒന്നാം ഘട്ടം**

പാലക്കാട് ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലംബിച്ചു. (Sampling Method)

- Observation
- Discussion
- Interview schedule

**രണ്ടാംഘട്ടം**

മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും വിവരം ശേഖരിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവലംബിച്ചു. (Census Method)

- 2023 വർഷത്തെ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ പ്രവർത്തനങ്ങളുടെ സൂക്ഷ്മമായ നിരീക്ഷണം.
- ടി വർഷത്തെ വിഷയനിർണ്ണയഉത്തരവ് (subject distribution order), രജിസ്റ്ററുകൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ വിശദമായ പരിശോധന.
- file processing status കൃത്യപ്പെടുത്തുന്നതിനുവേണ്ടി വിഷയനിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള മുഴുവൻ ക്ലറിക്കൽ ജീവനക്കാരുടെയും e office ഫയൽ രേഖകളുടെ പരിശോധന.
- അട്ടപ്പാടി ട്രൈബൽ പ്രദേശത്തെ നഗറുകളും റേഷൻ കടകളും തമ്മിലുള്ള അകലം തിട്ടപ്പെടുത്തുന്നതിനായി പ്രദേശത്തെ സംബന്ധിച്ച Topography ഉൾപ്പടെയുള്ള Geological Records കളുടെ ശേഖരണം.

**മൂന്നാം ഘട്ടം**

ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രധാന ഗുണഭോക്താക്കളായ നഗറു നിവാസികളിൽ നിന്നും വിവരം ശേഖരിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു. (both Census and Sampling method)

- Case Analysis
- interview
- Field Study

**നാലാം ഘട്ടം**

അട്ടപ്പാടി മേഖലയിലെ ജനപ്രതിനിധികൾ നിന്നും വിവരം ശേഖരിക്കുന്നതിന് പഠനസംഘം അവലംബിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു. (Sampling Method)

- ചർച്ചകൾ
- അഭിമുഖം
- write up

**അഞ്ചാം ഘട്ടം**

പൊതുവിതരണ വകുപ്പ് ഒഴികെയുള്ള വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വിവരം ശേഖരിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു. (Sampling Method)

- അഭിമുഖം
- ചർച്ചകൾ
- യോഗങ്ങൾ
- write up

**<u>ആറാം ഘട്ടം</u>**

Non Government Organization കളിൽ നിന്നും അഭിപ്രായം സ്വരൂപിക്കുന്നതിന് അവലംബിച്ച മാർഗ്ഗങ്ങൾ ചുവടെ ചേർക്കുന്നു. (Sampling Method)

- അഭിമുഖം
- ചർച്ചകൾ
- write up

## അധ്യായം 3

# വിവരശേഖരണം

അട്ടപ്പാടിയിൽ ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോയെന്ന് മനസ്സിലാക്കുന്നതിനായി പാലക്കാട് ജില്ലാ സപ്ലൈ ഓഫീസർ, മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുമായി കൂടികാഴ്ച നടത്തുകയും അതോടൊപ്പം അട്ടപ്പാടി മേഖലയിലുള്ള വിവിധ സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, നഗറു മൂപ്പന്മാർ, നഗറു നിവാസികൾ, നഗറുകളിലെ പ്രൊമോട്ടർമാർ, Non Government Organizations (NGOs) എന്നിവരിൽ നിന്നും ചുവടെ ചേർക്കും പ്രകാരം വിവരശേഖരണം നടത്തുകയും ചെയ്തു.

- **പാലക്കാട് ജില്ലാ സപ്ലൈ ഓഫീസ്** സന്ദർശിക്കുകയും അട്ടപ്പാടിയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും അട്ടപ്പാടി മേഖലയിൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ശേഖരിക്കുകയും ചെയ്തു.
- അട്ടപ്പാടി മേഖലയിലെ റേഷനിംഗിന്റെ ചുമതല വഹിക്കുന്ന **മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസ്** സന്ദർശിക്കുകയും അട്ടപ്പാടിയിൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച റിപ്പോർട്ട് ശേഖരിക്കുകയും അതോടൊപ്പം ടി ഓഫീസിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ, ക്ലർക്കുമാർ, ടൈപ്പിസ്റ്റ് എന്നീ വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഓരോ വിഭാഗത്തിനും പ്രത്യേകം പ്രൊഫോർമകൾ നൽകുകയും അതുവഴി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി ഓഫീസിലെ ജോലിഭാരം നിർണ്ണയിക്കുകയും ചെയ്തു.
- നഗറു മൂപ്പന്മാർ, നഗറു നിവാസികൾ, നഗറുകളിലെ പ്രൊമോട്ടർമാർ എന്നിവരുമായി കൂടികാഴ്ച നടത്തിയതിനുശേഷം വിവിധ നഗറുകളിലുള്ള പ്രൊമോട്ടർമാരുടെ യോഗം

സംഘടിപ്പിക്കുകയും പ്രത്യേകം തയ്യാറാക്കി നൽകിയ പ്രൊഫോർമ വഴി census method പ്രകാരം യോഗത്തിൽ പങ്കെടുത്ത എല്ലാ പ്രൊമോട്ടർമാരിൽ നിന്നും വിവരം ശേഖരിക്കുകയും ചെയ്തിരുന്നു.

- ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് അട്ടപ്പാടിയിലെ വിവിധ പഞ്ചായത്തുകളിലെ ചുവടെ ചേർക്കുന്ന ജനപ്രതിനിധികളിൽ നിന്നും അഭിപ്രായം സ്വരൂപിച്ചു.
    - പ്രസിഡന്റ്, അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത്, അഗളി
    - പ്രസിഡന്റ്, അഗളി ഗ്രാമപഞ്ചായത്ത്
    - പ്രസിഡന്റ്, പുതൂർ ഗ്രാമപഞ്ചായത്ത്
    - പ്രസിഡന്റ്, ഷോളയൂർ ഗ്രാമപഞ്ചായത്ത്
- അട്ടപ്പാടിയിൽ ട്രൈബൽ താലൂക്ക് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിന് വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ചുവടെ ചേർക്കുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വിവരശേഖരണം നടത്തിയിരുന്നു.
    - തഹസീൽദാർ, അഗളി
    - വിജിലൻസ് ഫ്ലയിംഗ് സ്ക്വാഡ്, സപ്ലൈകോ, പാലക്കാട്
    - പ്രൊജക്റ്റ് ഓഫീസർ, ITDP ഓഫീസ്, പട്ടികവർഗ്ഗ വികസന വകുപ്പ്
    - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, അഗളി
    - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, പുതൂർ
    - ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, ഷോളയൂർ
- NGOs കളിൽ നിന്നും അഭിപ്രായം സ്വരൂപിക്കുന്നതിനായി പഠനവേളയിൽ ഗോത്രവർഗ്ഗ മേഖലയിൽ പ്രവർത്തിക്കുന്ന Thampu എന്ന NGO സംഘടനയുടെ പ്രസിഡന്റിൽ നിന്നും വിവരശേഖരണം നടത്തിയിരുന്നു.

# അധ്യായം 4

# അട്ടപ്പാടി ട്രൈബ്രൽ താലൂക്ക്

പാലക്കാട് ജില്ലയിലെ ഒരു മലയോര താലൂക്കാണ് അട്ടപ്പാടി. 2021 ഫെബ്രുവരിയിൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ നിന്നാണ് വേർപെടുത്തിയത്. അഗളി, ഷോളയൂർ, പുതൂർ എന്നീ ഗ്രാമപ്പഞ്ചായത്തുകൾ ചേർത്താണ് അട്ടപ്പാടി താലൂക്ക് രൂപികരിച്ചിരിക്കുന്നത്. അഗളി, കല്ലമല, കോട്ടത്തറ, പടവയൽ, പുത്തൂർ, ഷോളയൂർ എന്നി 6 റവന്യൂ വില്ലേജുകളാണ് അട്ടപ്പാടി താലൂക്കിലുള്ളത്. സൈലന്റ് വാലി നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. ഭവാനിപ്പുഴ, നെല്ലിപ്പുഴ, കുന്തിപ്പുഴ എന്നിവയുടെ ഉത്ഭവസ്ഥാനവും ഇവിടെയാണ്.ആനമൂളി, മുക്കാലി, സൈലൻറ് വാലി, ചിണ്ടക്കി, കക്കുപ്പടി, കൽക്കണ്ടി, കള്ളമല, ജെല്ലിപ്പാറ, ഒമ്മല, മുണ്ടൻപാറ, സീങ്കര, പക്കുളം, താവളം, കുക്കംപാളയം, കോട്ടത്തറ, ഗുളിക്കടവ്, അഗളി, പാലൂർ, പുതൂർ, ആനക്കട്ടി (സംസ്ഥാന അതിർത്തി), ഷോളയൂർ, ചാവടിയൂർ, മുള്ളി, ചിറ്റൂർ, കുറവൻപാടി, തുടങ്ങിയവയാണ് ഈ താലൂക്കിലെ പ്രധാനപ്പെട്ട സ്ഥലങ്ങൾ.

**<u>ജനസംഖ്യ (2011 സെൻസസ് പ്രകാരം)</u>**

2011 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം അട്ടപ്പാടി താലൂക്കിലെ ജനസംഖ്യ 64,318 ആണ്. ഇവിടെ 32,035 പുരുഷന്മാരും 32,283 സ്ത്രീകളുമുണ്ട്. ആകെ കുടുംബങ്ങളുടെ എണ്ണം 16,865 ആയിരുന്നു. സാക്ഷരതാ നിരക്ക് 75% ആണ്, ഇത് സംസ്ഥാന ശരാശരിയായ 94% നേക്കാൾ കുറവാണ്. പുരുഷ സാക്ഷരത 80.2% ഉം സ്ത്രീ സാക്ഷരത 70% ഉം ആണ്. അട്ടപ്പാടി താലൂക്കിൽ 27,627 പേർ (മൊത്തം ജനസംഖ്യയുടെ 43%) ഗോത്രവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണ്.

**<u>ജനവിഭാഗങ്ങൾ</u>**

ദേശീയ ശ്രദ്ധയാകർഷിച്ചതും ജനസാന്ദ്രതയിൽ ഏറെ മുന്നിൽ നിൽക്കുന്നതുമായ കേരളത്തിലെ പട്ടികവർഗ്ഗ മേഖലയാണ് അട്ടപ്പാടി. 745 sq കിലോ മീറ്റർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന മേഖലയിൽ 193 നഗറുകളിലായി നിലവിൽ 33000 ത്തിലധികം പട്ടികവർഗ്ഗക്കാർ താമസിച്ച് വരുന്നു. 11308 പട്ടികവർഗ്ഗ കുടുംബങ്ങളാണ് മേഖലയിൽ താമസിക്കുന്നത്. **Particularly Vulnerable Tribal Groups (PVTG) വിഭാഗത്തിൽ ഉൾപ്പെടുന്ന കുറുമ്പ, മറ്റ് പട്ടികവർഗ്ഗക്കാരായ ഇരുള, മുദുഗ**

**എന്നിവരാണ് മേഖലയിലെ പ്രധാന പട്ടികവർഗ്ഗ സമൂഹങ്ങൾ.** ആദിവാസികളിൽ ഭൂരിഭാഗവവും ഉൾപ്രദേശങ്ങളിലും, വനാന്തർ ഭാഗങ്ങളിലും, സർക്കാർ-സർക്കാരിതര നഗറുകളിലും മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. തമിഴ്നാട്ടിൽ നിന്നു കുടിയേറിപ്പാർത്ത ഒരു ചെറിയ വിഭാഗം ജനങ്ങളും കൂടി ഇവിടെയുണ്ട്. **അട്ടപ്പാടി മേഖലയിലുള്ള ഗോത്രജനതയുടെ തരംതിരിച്ചുള്ള ജനസംഖ്യ കണക്ക് ചുവടെ ചേർക്കുന്നു.**

**പട്ടിക 4.1**
**അട്ടപ്പാടി ജനസംഖ്യാ വിവരം**

| ജാതി | നഗറുകൾ | കുടുംബങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| ഇരുള | 147 | 9370 | 12976 | 13560 | 26536 |
| മുദുഗ | 27 | 1195 | 1908 | 2104 | 4012 |
| കുറുമ്പ | 19 | 743 | 1393 | 1420 | 2813 |
| ആകെ | 193 | 11308 | 16277 | 17084 | 33361 |

*Source : Tribal Extension Officer, Agali*

അട്ടപ്പാടി താലൂക്കിൽ അഗളി, പുതൂർ, ഷോളയൂർ എന്നി 3 ഗ്രാമപഞ്ചായത്തുകളിലായി ഗോത്രവർഗ്ഗക്കാരുടെ 193 നഗറുകളാണുള്ളത്. ആട്ടപ്പാടി താലൂക്കിലെ ഗോത്രവർഗ്ഗക്കാരുടെ ആകെ ജനസംഖ്യ **33361** ആണ്. ഇതിൽ 16277 പുരുഷന്മാരും 17084 സ്ത്രീകളുമാണുള്ളത്. ആകെയുള്ള 33361 പേരിൽ 26536 പേർ ഇരുള വിഭാഗത്തിലും 4012 പേർ മുദുഗ വിഭാഗത്തിലും 2813 പേർ കുറുമ്പ വിഭാഗത്തിലും ഉൾപ്പെട്ടു കാണുന്നു. ടി മൂന്നു ഗോത്രവിഭാഗത്തിലുംകൂടി 193 നഗറുകളിലായി 11308 കുടുംബങ്ങളാണുള്ളത്. ഇതിൽ 147 നഗറുകളിലായി ഇരുള വിഭാഗത്തിന് 9370 കുടുംബങ്ങളും 27 നഗറുകളിലായി മുദുഗ വിഭാഗത്തിന് 1195 കുടുംബങ്ങളും 19 നഗറുകളിലായി കുറുമ്പ വിഭാഗത്തിന് 743 കുടുംബങ്ങളുമാണുള്ളത്. പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ചുവടെയുള്ള പട്ടികളിൽ കാണാവുന്നതാണ്.

**പട്ടിക 4.2**

**അഗളി ട്രൈബൽ പ്രദേശത്തെ ജനസംഖ്യ**

| ജാതി | നഗറുകൾ | കുടുംബങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| ഇരുള | 52 | 3513 | 4943 | 5133 | 10076 |
| മുദുഗ | 21 | 835 | 1336 | 1462 | 2798 |
| കുറുമ്പ | 0 | 36 | 70 | 98 | 168 |
| ആകെ | 73 | 4384 | 6349 | 6693 | 13042 |

*Source : Tribal Extension Officer, Agali*

**പട്ടിക 4.3**

**പുതൂർ ട്രൈബൽ പ്രദേശത്തെ ജനസംഖ്യ**

| ജാതി | നഗറുകൾ | കുടുംബങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| ഇരുള | 43 | 2536 | 3348 | 3617 | 6965 |
| മുദുഗ | 5 | 323 | 532 | 590 | 1122 |
| കുറുമ്പ | 19 | 707 | 1323 | 1322 | 2645 |
| ആകെ | 67 | 3566 | 5203 | 5529 | 10732 |

*Source : Tribal Extension Officer, Agali*

**പട്ടിക 4.4**

**ഷോളയൂർ ട്രൈബൽ പ്രദേശത്തെ ജനസംഖ്യ**

| ജാതി | നഗറുകൾ | കുടുംബങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|---|
| ഇരുള | 52 | 3321 | 4685 | 4810 | 9495 |
| മുദുഗ | 1 | 37 | 40 | 52 | 92 |
| കുറുമ്പ | 0 | 0 | 0 | 0 | 0 |
| ആകെ | 53 | 3358 | 4725 | 4862 | 9587 |

*Source : Tribal Extension Officer, Agali*

**ഉപജീവനം**

അട്ടപ്പാടിയിലെ ജനങ്ങളിൽ ഭൂരിപക്ഷവും കുടിയേറ്റ കർഷകരാണ്. കൂലിതൊഴിൽ, കാർഷികവൃത്തി, വനവിഭവ ശേഖരണം എന്നിവയെ ആശ്രയിച്ച കഴിയുന്നവരാണ്ബഹുഭൂരിപക്ഷവും. 2013-15 വർഷങ്ങളിൽ പോഷകാഹാരകുറവിനെ തുടർന്ന് ശിശുമരണങ്ങൾ നടന്ന ഭൂപ്രദേശമാണിത്. പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും പൊതുവിതരണ സമ്പ്രദായത്തെ ആശ്രയിച്ചാണ് കഴിയുന്നത്. ജനങ്ങളിൽ കൂടുതൽ പേരും എ.എ.വൈ. കാർഡ് ഉടമകളാണ്.

**അട്ടപ്പാടിയിലെ നിലവിലെ സർക്കാർ സംവിധാനങ്ങൾ**

പാർശ്വവത്കരിക്കപ്പെട്ട ഈ പ്രദേശത്തെ പട്ടികവർഗ്ഗക്കാർക്ക് അവരുടെ തൊട്ടടുത്ത് തന്നെ സർക്കാർ സംവിധാനങ്ങൾ പ്രാപ്തമാക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി അട്ടപ്പാടിയിലെ അഗളി ആസ്ഥാനമാക്കി ഒരു മിനി സിവിൽ സ്റ്റേഷൻ നിലവിൽ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ടി സിവിൽ സ്റ്റേഷനിൽ താലൂക്ക് ഓഫീസ്, എക്സൈസ് ഓഫീസ്, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിന്റെ വിവിധ ഓഫീസുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

## അധ്യായം 5

# അട്ടപ്പാടിയിൽ ട്രൈബ്രൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

അട്ടപ്പാടി കേന്ദ്രീകരിച്ച് ഒരു ട്രൈബൽ താലൂക്ക് രൂപീകരിച്ചെങ്കിലും നാളിതുവരെ ഒരു താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ അട്ടപ്പാടി താലൂക്കിലെ റേഷൻ വിതരണം നിർവഹിക്കപ്പെടുന്നത് മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നാണ്. **അഗളി, പുതൂർ, ഷോളയൂർ എന്നി 3 ഗ്രാമപഞ്ചായത്തുകളിലായി അട്ടപ്പാടി മേഖലയിൽ ആകെ 48 റേഷൻ കടകൾ പ്രവർത്തിച്ചുവരുന്നു.** ഇവയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ഉള്ള ചുമതല വഹിക്കുന്നത് മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ അഗളി ഫർക്ക റേഷനിംഗ് ഇൻസ്പെക്ടറാണ്.

**പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ഉൾപ്പെടുന്ന അഗളി, ഷോളയൂർ, പുതൂർ എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ 193 നഗറുകളിലായി ഏകദേശം 70000-ത്തോളം ആദിവാസി വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്നുണ്ട്.** പാർശ്വവത്കരിക്കപ്പെട്ട ഈ പ്രദേശത്തെ പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് അവരുടെ തൊട്ടടുത്ത് തന്നെ സർക്കാർ സംവിധാനങ്ങൾ പ്രാപ്തമാക്കുന്നതിനും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് അട്ടപ്പാടിയിൽ ട്രൈബൽ താലൂക്ക് രൂപീകരിച്ചിരിക്കുന്നത്.

ഏതാണ്ട് ആലപ്പുഴ ജില്ലയുടെ വിസ്തീർണ്ണമുള്ള അതിവിശാലമായ ഭൂപ്രദേശമാണ് അട്ടപ്പാടി ട്രൈബൽ താലൂക്ക്. ഈ മേഖലയിൽ അധിവസിക്കുന്നവരിൽ പകുതിയിലധികം മുഖ്യധാരയിലേക്ക് എത്താത്ത ഗോത്രവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. ഇവയിൽ പല നഗറുകളും ഗതാഗത സൗകര്യം കുറഞ്ഞതും പ്രധാന പാതയിൽ നിന്നും വളരെ

ദൂരെയും സ്ഥിതി ചെയ്യുന്നവയുമാണ്. ഗോത്രവർഗ്ഗക്കാരിൽ ഭൂരിഭാഗവും വനത്തിനുള്ളിലെ വിദൂര പ്രദേശങ്ങളിലാണ് അധിവസിക്കുന്നത്. സാമൂഹികം, സാമ്പത്തികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയിലെല്ലാം വളരെ പിന്നോക്കാവസ്ഥയിലാണ് ഇവിടുത്തെ ഗോത്രവർഗ്ഗ ജനത കാണപ്പെടുന്നത്. ഇവരിൽ അധികം പേരും കൂലിതൊഴിൽ, കാർഷികവൃത്തി, വനവിഭവ ശേഖരണം എന്നിവയെ ആശ്രയിച്ച് കഴിയുന്നവരാണ്. ഇവർ പ്രധാന ഭക്ഷണത്തിനായി ആശ്രയിക്കുന്നത് പൊതുവിതരണ സംവിധാനം വഴി സർക്കാർ വിതരണം ചെയ്യുന്ന ധാന്യങ്ങളാണ്.

**193 വ്യത്യസ്ത നഗറുകളിലായി താമസിക്കുന്ന ഇവർക്ക് റേഷൻ കാർഡ് സംബന്ധമായ ഏതൊരു ആവശ്യത്തിനും മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിനെ സമീപിക്കേണ്ടി വരുന്നു എന്നത് പലപ്പോഴും അവർക്ക് അർഹതപ്പെട്ട സേവനങ്ങൾ കൃത്യസമയത്ത് ലഭ്യമാകുന്നതിന് തടസ്സമായിത്തീരുന്നു.**

**പട്ടിക 5.1**

**അട്ടപ്പാടി താലൂക്കിലെ റേഷൻ കാർഡുകളുടെ വിശദ വിവരങ്ങൾ**

| **കാർഡുകൾ** | **എണ്ണം** | **ഗുണഭോക്താക്കൾ** | **ക്വാണ്ടിറ്റി (MT)** |
|---|---|---|---|
| AAY (മഞ്ഞ കാർഡ്) | 10081 | 30727 | 353 |
| PHH (പിങ്ക് കാർഡ്) | 5451 | 17466 | 90 |
| NPS (നീല കാർഡ്) | 3247 | 10973 | 45 |
| NPNS (വെള്ള കാർഡ്) | 2836 | 9127 | 30 |
| ആകെ | 21615 | 68293 | 518 |

നിലവിൽ അട്ടപ്പാടി താലൂക്കിലെ 48 റേഷൻ കടകളിലായി **10081 Anthyodaya Anna Yojana (AAY)** കാർഡുകൾ, **5451 Priority House Holds (PHH)** കാർഡുകൾ, **2836 Non Priority Non Subsidy (NPNS)** കാർഡുകൾ, **3247 Non Priority Subsidy (NPS)** കാർഡുകൾ എന്നിങ്ങനെ ആകെ 21615 റേഷൻ കാർഡുകൾ

നിലവിലുണ്ട്. പ്രസ്തുത കാർഡുകൾക്ക് പ്രതിമാസം ശരാശരി 500 മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നുണ്ട്. ഭക്ഷ്യധാന്യം Food Corporation of India (FCI) യിൽ നിന്ന് സംഭരിച്ച് സൂക്ഷിക്കുന്നതിന് ഷോളയൂർ പഞ്ചായത്തിലെ കോട്ടത്തറയിൽ ഒരു NFSA (National Food Security Act, 2013) ഗോഡൗൺ പ്രവർത്തിക്കുന്നുണ്ട്.

അട്ടപ്പാടിയിലെ ആകെയുള്ള 68293 ഗുണഭോക്താക്കളിൽ 45 ശതമാനം ഗുണഭോക്താക്കളും അതിദരിദ്രരാണെന്ന് കാണുന്നു. അട്ടപ്പാടി മേഖലയിൽ വിതരണം ചെയ്യുന്ന ആകെ ഭക്ഷ്യധാന്യത്തിന്റെ 68 ശതമാനവും AAY കാർഡിലെ ഗുണഭോക്താക്കൾക്കാണ് നൽകുന്നത്. **നിലവിൽ കേരളത്തിൽ ഏറ്റവും കൂടുതൽ AAY കാർഡ് വിതരണം ചെയ്തിട്ടുള്ള മേഖലയാണ് പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖല.** കേരളത്തിൽ ഗോത്രവിഭാഗത്തിൽപ്പെട്ട ഏറ്റവും അധികം ആളുകൾ താമസിക്കുന്നതും ഈ പ്രദേശത്താണ്.

**പട്ടികവർഗ്ഗക്കാർക്കും സമൂഹത്തിലെ ഏറ്റവും അതിദരിദ്രർക്കുമാണ് അന്ത്യോദയ അന്നയോജന (AAY) കാർഡ് അനുവദിച്ചു നൽകുന്നത്.** ഗോത്രവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ആൾക്കാർക്കും AAY കാർഡ് അനുവദിച്ചു നൽകേണ്ടതുണ്ട്. **10081** AAY കാർഡുകൾ ഈ മേഖലയിൽ വിതരണം ചെയ്തിട്ടുള്ളതിൽ **9710** AAY കാർഡുകളും ആദിവാസികളുടേതാണ്.

**2023 വർഷത്തിൽ അട്ടപ്പാടി പ്രദേശത്തുനിന്നും റേഷൻ വിതരണം /റേഷൻ സംബന്ധിച്ച് 222 അപേക്ഷകളും 184 പരാതികളും ലഭിച്ചതായി കാണുന്നു.** ഇതിൽ നിന്നും ഗോത്രവർഗ്ഗക്കാർക്ക് റേഷൻ വിതരണം സംബന്ധിച്ച ആവശ്യങ്ങൾക്കായി നിരന്തരം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസുമായി നേരിട്ട് ബന്ധപ്പെടേണ്ടി വരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്.

**റേഷൻ സംവിധാനത്തെ മാത്രം ആശ്രയിച്ചാണ് അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ ജനത ജീവിക്കുന്നത് എന്നിരിക്കെ റേഷൻ വിതരണത്തിലുണ്ടാകുന്ന സൂക്ഷ്മതക്കുറവ് പൊതുതാൽപര്യത്തിന് ഹാനികരവും സർക്കാർ താൽപര്യത്തിന് വിരുദ്ധവുമായിത്തീരും എന്ന കാരണത്താൽ അട്ടപ്പാടിയിൽ പ്രത്യേകം താലൂക്ക് സപ്ലൈ ഓഫീസ് പ്രവർത്തിക്കേണ്ടത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. സുസജ്ജമായ ഒരു റേഷനിംഗ് ഓഫീസ് അട്ടപ്പാടിയിൽ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടോയെന്ന് മനസ്സിലാക്കുന്നതിന് പ്രദേശവാസികളുടെ പ്രശ്നങ്ങളും ടി പ്രദേശത്തെ നിലവിലെ റേഷൻ വിതരണ സംവിധാനം നേരിടുന്ന പ്രശ്നങ്ങളും മനസ്സിലാക്കേണ്ടതുണ്ട്.**

**<u>റേഷൻ വിതരണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>**

- അട്ടപ്പാടിയിലെ 193 പട്ടിവർഗ്ഗ നഗറുകളിലുമുള്ള ഗോത്രവർഗ്ഗക്കാർക്കും ടി മേഖലയിലുള്ള മറ്റ് ന്യൂനപക്ഷ ജനവിഭാഗങ്ങൾക്കും സിവിൽ സപ്ലൈസ് ഓഫീസുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങൾക്കും ഇപ്പോഴും 50 മുതൽ 90 കിലോമീറ്റർ വരെ അകലെയുള്ള മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിനെയാണ് ആശ്രയിക്കേണ്ടി വരുന്നത്. **മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ഏറ്റവും ആകലെയുള്ള ആനക്കട്ടി വരെ 90 കിലോമീറ്റർ ദൂരമാണുള്ളത്.** സ്ഥിരവരുമാനമാർഗ്ഗം ഇല്ലാത്ത ഇവർക്ക് ഇവിടേക്ക് വരുന്നതിനും തിരികെ പോകുന്നതിനുമുള്ള യാത്രാചെലവിനായി അധികം പണം കണ്ടത്തേണ്ടിവരുന്നു. **മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലേക്ക് വളരെയധികം ദൂരമുള്ളതിനാൽ യാത്രചെയ്യുന്നതിനായി ഒരു തൊഴിൽ ദിനം നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയും സംജാതമാകുന്നു.**
- **ഉൾപ്രദേശങ്ങളിലെ നഗറുകളായ വെള്ളക്കുളം, മൂലഗംഗൽ എന്നിവിടങ്ങളിൽ നിന്നും മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലേക്ക് എത്തിച്ചേരണമെങ്കിൽ ആദ്യം അതീവ ദുർഘടകമായ പ്രദേശങ്ങളിലൂടെ യാത്ര ചെയ്ത് അട്ടപ്പാടി ടൗണിൽ എത്തിച്ചേരണ്ടതുണ്ട്. അതിനുശേഷം അട്ടപ്പാടിയിൽ**

**നിന്നും യാത്ര ആരംഭിച്ചിട്ടുവേണം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ എത്തേണ്ടത്.** ഇതുകാരണം സപ്ലൈ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്നതിനും അവിടുന്ന് സേവനങ്ങൾ ലഭ്യമാകുന്നതിനും കാലതാമസം നേരിടുന്നതായി മനസ്സിലാക്കുന്നു. അപേക്ഷയോടൊപ്പം മതിയായ രേഖകൾ, ആവശ്യ വിവരങ്ങൾ എന്നിവ ഇല്ലാതിരുന്നാൽ ഇവർക്ക് ഒന്നിലധികം തവണ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസ് സന്ദർശിക്കേണ്ടതായും വരുന്നു. ടി സാഹചര്യങ്ങൾ കാരണം അവർ നൽകിയ അപേക്ഷകൾക്കോ/പരാതികൾക്കോ നടപടികൾ കൈകൊണ്ടിട്ടു ണ്ടോ എന്ന് അറിയുന്നതിനുവേണ്ടി ടിയാർകൾ പലപ്പോഴും തുടരന്വേഷണം നടത്തുന്നതിന് തയ്യാറാകത്തതായി മനസ്സിലാക്കുന്നു.

- **ചുരുക്കത്തിൽ ഭൂമിശാസ്ത്രപരമായ ഈ മേഖലയുടെ വൈവിധ്യവും മെച്ചപ്പെട്ട ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തതയും അധികരിച്ച യാത്രാ സമയവും കാരണം** റേഷൻ കാർഡ് സംബന്ധിച്ച ആവശ്യങ്ങൾക്ക് നഗറു നിവാസികൾ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസ് സന്ദർശിക്കേണ്ടി വരുന്നത് ശ്രമകരമായ ദൗത്യമായതിനാൽ ഇവയ്ക്ക് പരിഹാരമായി ഒരു താലൂക്ക് സപ്ലൈ ഓഫീസ് അട്ടപ്പാടിയിൽ ആരംഭിക്കാവുന്നതാണ്.

**<u>റേഷൻ വിതരണ സംവിധാനം നേരിടുന്ന പ്രശ്നങ്ങൾ</u>**

- അട്ടപ്പാടി ട്രൈബൽ പ്രദേശത്തുള്ള റേഷൻ കാർഡുകളിൽ AAY കാർഡുകളാണ് ഏറ്റവും കൂടുതൽ ഉള്ളത്. ഇക്കാരണത്താൽ തന്നെ ഇക്കൂട്ടത്തിൽ അനർഹർ ഉൾപ്പെട്ടിട്ടുണ്ടോയെന്നും, മരിച്ചു പോയവരോ/ സ്ഥലം മാറി പോയവരോ ഉണ്ടോയെന്നും യഥാസമയം അറിയുന്നതിന് നിരന്തരം പരിശോധനകൾ നടത്തേണ്ടത് ആവശ്യമാണ്. ഗോത്രവർഗ്ഗമേഖലയിൽ നിന്നും വളരെ അകലെ സ്ഥിതിചെയ്യുന്ന നിലവിലുള്ള സപ്ലൈ ഓഫീസിൽ നിന്നും കാലതാമസം കൂടാതെ ഇത്തരം പരിശോധനകൾ നടത്തുന്നത് വളരെ ശ്രമകരമായ ദൗത്യമാണ്.

- ടി മേഖലയിലുള്ള നിരവധി പേർക്ക് ആധാർ കാർഡ് ഉൾപ്പടെയുള്ള തിരിച്ചറിയൽ രേഖകൾ ഇല്ലാത്തതിനാൽ റേഷൻ കാർഡിൽ അംഗത്വം ലഭിച്ചിട്ടില്ല. ഇത്തരക്കാരുടെ വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തി ശാശ്വതമായി പരിഹരിക്കാൻ കഴിയുന്നില്ല.
- ഇപ്പോഴും കൂട്ടുകുടുംബങ്ങളായി കഴിയുന്ന നിരവധി ആൾക്കാർ ആദിവാസികൾക്കിടയിലുണ്ടെങ്കിലും ഇവർക്ക് കുടുംബം തിരിച്ച് കാർഡുകൾ നൽകുന്നതിനോ കാലതാമസമില്ലാതെ AAY വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനോ വേണ്ടിയുള്ള വിശദമായ ഫീൽഡ് പരിശോധന നടത്താൻ കഴിയുന്നില്ല.
- കൃത്യമായി എല്ലാ നഗറുകളും സന്ദർശിക്കാനോ നഗറുകളിലെ ഗുണഭോക്താക്കളുമായി നിരന്തര സമ്പർക്കത്തിൽ ഏർപ്പെടാനോ എല്ലാ ആദിവാസികൾക്കും പൊതുവിതരണ സംവിധാനത്തിന്റെ പ്രയോജനം പൂർണ്ണമായി ലഭ്യമാക്കാനോ സാധിക്കുന്നില്ല.
- ഗോത്രവിഭാഗങ്ങൾക്കുമാത്രമായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയുന്നില്ല.
- റേഷൻ വിതരണത്തിലുള്ള അപാകതകൾ സംബന്ധിച്ചും, ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ചും പൊതുവിതരണ കേന്ദ്രങ്ങൾക്കെതിരായി ഗോത്രവർഗ്ഗ പ്രദേശത്തുനിന്നും ധാരാളം പരാതികൾ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ ലഭ്യമാകുന്നുണ്ടെങ്കിലും രണ്ടു താലൂക്കുകൾ തമ്മിലുള്ള അകലം കാരണം പരാതികളൊന്നും സമയോചിതമായി പരിഹരിക്കപ്പെട്ടുന്നില്ല.
- പൊതുവിപണി സംബന്ധിച്ചും പാചതകവാതക വിതരണവുമായും ബന്ധപ്പെട്ട് പരാതികൾ ലഭ്യമാകുന്നുണ്ടെങ്കിലും മണ്ണാർക്കാട്

താലൂക്ക് സപ്ലൈ ഓഫീസിലുള്ള ജീവനക്കാർക്കാർക്ക് ദീർഘ ദൂരം താണ്ടി അട്ടപ്പാടിയിലെ വിവിധ നഗറുകളിൽ സ്ഥിതിചെയ്യുന്ന പൊതുവിതരണ കേന്ദ്രങ്ങളും പൊതുവിപണികളും സന്ദർശിച്ച് സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിനോ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനോ സാധിക്കുന്നില്ല.

- പ്രദേശത്തെ പല നഗറുകളും ഗതാഗത സൗകര്യം കുറഞ്ഞപ്രദേശങ്ങ ളിലാണ് സ്ഥിതിചെയ്യുന്നതെന്നിരിക്കെ, മഴക്കാലത്തും മറ്റ് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന സമയത്തും റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിന് ഭക്ഷ്യസാധനങ്ങൾ മുൻകൂറായി റേഷൻ കടകളിൽ എത്തിക്കേണ്ട സാഹചര്യം നിലനിൽക്കുന്നുണ്ട്.
- അട്ടപ്പാടിയിലെ ആദ്യത്തേയും അവസാനത്തേയും റേഷൻ കടകൾ തമ്മിൽ ഏകദേശം 50 കിലോമീറ്റർ അകലമുണ്ട്. നഗറുകൾ തമ്മിലും വലിയ അകലമാണുള്ളത്. ആയതിനാൽ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലുള്ള റേഷനിംഗ് ഓഫീസർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർക്ക് റേഷൻ കടകൾ പരിശോധിക്കുന്നതിന് ദീർഘമായി യാത്ര ചെയ്യേണ്ടി വരുന്നു. ഇക്കാരണത്താൽ റേഷൻ കടകൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നതിനോ റേഷൻ വിതരണം സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനോ പലപ്പോഴും കഴിയാറില്ല.
- ഇന്റർനെറ്റ് ലഭ്യത അട്ടപ്പാടി മേഖലയിൽ പരിമിതമായതിനാൽ, ബയോമെട്രിക്ക് സംവിധാനം പ്രവർത്തിക്കാത്ത അവസരങ്ങളിൽ, മന്വൽ രീതിയിൽ റേഷൻ വിതരണം നടത്തുമ്പോൾ, റേഷൻ സാധനങ്ങളുടെ ദുരുപയോഗം തടയുന്നതിന് ഒരു റേഷനിംഗ് ഇൻസ്പെക്ടർ മാത്രമുള്ള അട്ടപ്പാടിയിൽ ധാരാളം പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇത് റേഷൻ സാധനങ്ങളുടെ

ദുരുപയോഗത്തിനും കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട ഭക്ഷ്യധാന്യം ലഭിക്കാതിരിക്കുന്നതിനും കാരണമാകുന്നു.

- ഗോത്രവർഗ്ഗ ജനതക്കു പുറമെ കുടിയേറ്റക്കാരും കർഷകരുമായ ഒരു വലിയ ജനവിഭാഗം കൂടി അട്ടപ്പാടിയിൽ അധിവസിക്കുന്നുണ്ട്. ഇവരും സർക്കാർ സേവനങ്ങളുടെ ഗുണഭോക്താക്കളാണ്. കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന സാധാരണക്കാരായ ഇവർക്ക് സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.
- അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ ജനതയ്ക്കിടയിൽ റേഷൻ കാർഡ് സംബന്ധിച്ചും റേഷൻ വിതരണം സംബന്ധിച്ചും നിരന്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ മാത്രമേ സമഗ്രമായ റേഷൻ വിതരണം എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയു. എന്നാൽ നിലവിലെ സാഹചര്യത്തിൽ ഉദ്യോഗസ്ഥർക്ക് ദീർഘദൂരം യാത്രചെയ്ത് അട്ടപ്പാടിയിലെത്തി ഇത്തരം അടിസ്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രയാസം അനുഭവപ്പെടുന്നു.

**അട്ടപ്പാടിയിൽ അഗളിയിൽ സ്ഥിതി ചെയ്യുന്ന മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ റവന്യൂ വകുപ്പിന്റേയും എക്സൈസ് വകുപ്പിന്റേയും പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റേയും ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത വകുപ്പുകളുടെ സേവനത്തോടൊപ്പം സപ്ലൈ ഓഫീസിന്റെ സേവനം കൂടി ലഭ്യമാക്കുന്നത് ഉചിതമായിരിക്കും. ചുരുക്കത്തിൽ ഗുണഭോക്താക്കളായ പ്രദേശവാസികളെയും സേവന ദാതാവായ നിലവിലെ റേഷനിംഗ് സംവിധാനത്തെയും ബാധിക്കുന്ന വിവിധ പ്രശ്നങ്ങളെ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി മേഖലയ്ക്ക് മാത്രമായി ഒരു താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടത് അനിവാര്യമാണെന്ന് കാണുന്നു.**

# അധ്യായം 6

# മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ വിവിധ തസ്തികകളും ജോലിഭാരനിർണ്ണയവും

അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്ന പക്ഷം പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ/വകുപ്പിൽ നിന്ന് പുനർവിന്യാസം വഴി കണ്ടെത്തുകയോ വേണം. നിലവിൽ അട്ടപ്പാടി മേഖലയിലെ റേഷനിംഗിന്റെ ചുമതല വഹിക്കുന്ന മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്ന് ഏതെങ്കിലും തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്താനാകുമോയെന്നറിയുന്നതിനായി പ്രവൃത്തിപഠന സംഘം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ മുഴുവൻ ഉദ്യോഗസ്ഥരുടെയും ചുമതലകളും ഉത്തരവാദിത്തങ്ങളും പ്രവർത്തനങ്ങളും പഠനവിധേയമാ ക്കുകയും ജോലിഭാരനിർണ്ണയം നടത്തുകയും ചെയ്തു. ഇതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടിക 6.1**

**മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ ഘടന**

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1. | താലൂക്ക് സപ്ലൈ ഓഫീസർ(TSO) | 1 |
| 2. | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ(ATSO) | 1 |
| 3. | റേഷനിംഗ് ഇൻസ്പെക്ടർ (RI) | 3 |
| 4. | ക്ലർക്ക് | 5 |
| 5. | ടൈപ്പിസ്റ്റ് | 1 |
| 6. | ഡ്രൈവർ | 1 |
| 7. | ഓഫീസ് അറ്റൻഡന്റ് | 2 |
|  | ആകെ | 14 |

**താലൂക്ക് സപ്ലൈ ഓഫീസർ**

ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യവകുപ്പിന്റെ താലൂക്ക് തല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് താലൂക്ക് സപ്ലൈ ഓഫീസർമാരാണ്. ബന്ധപ്പെട്ട ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, പൊതുവിതരണ വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ നിർദ്ദേശങ്ങൾക്കനുസൃതമായി റേഷൻ വിതരണം നടപ്പിലാക്കുക എന്നതാണ് ഇവരുടെ ഉത്തരവാദിത്തം. താലൂക്ക് സപ്ലൈ ഓഫീസറുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ചുവടെ കാണാവുന്നതാണ്.

**താലൂക്ക് സപ്ലൈ ഓഫീസറുടെ ഭരണപരമായ ചുമതലകൾ**

- അധികാരപരിധിയിൽ വരുന്ന ജീവനക്കാരുടെ പഠനാവധി, ശൂന്യ വേതനാവധി എന്നിവ ഒഴികെയുള്ള അവധികൾ നിലവിലുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അനുവദിക്കുക.
- അധികാരപരിധിയിൽ വരുന്ന ജീവനക്കാരുടെ വാർഷിക വേതന വർദ്ധനവ് അനുവദിക്കുക.
- അധികാരപരിധിയിൽ വരുന്ന ജീവനക്കാർക്കുള്ള ശമ്പളം പിൻ വലിക്കുന്നതിന്റെയും വിതരണം ചെയ്യുന്നതിന്റെയും ചുമതലകൾ നിർവഹിക്കുക. ഓഫീസിലെ മറ്റു ചിലവുകൾക്ക് അനുവദിക്കുന്ന തുകയുടെ ബില്ല് തയ്യാറാക്കി തുക പിൻവലിക്കുക.
- റേഷൻ വ്യാപാരികളുമായുള്ള ഉടമ്പടികളിൽ ഒപ്പുവയ്ക്കുക.
- ചുമതലകളിൽ വീഴ്ച വരുത്തുന്ന ജീവനക്കാരിൽ നിന്നും വിശദീകരണം തേടുകയും നടപടികൾക്കായി ജില്ലാ കളക്ടർ/സിവിൽ സപ്ലൈസ് ഡയറക്ടർ/സിവിൽ സപ്ലൈസ് കമ്മീഷണർ എന്നിവർക്ക് ജില്ലാ സപ്ലൈ ഓഫീസർ മുഖേനെ ശുപാർശ നൽകുകയും ചെയ്യുക.
- KCS (CC&A) Rule, 1960 Sec13(2) പ്രകാരം താക്കീത്, വാർഷിക ശമ്പള വർദ്ധന തടയൽ തുടങ്ങിയ അച്ചടക്ക നടപടികൾ നടപ്പിലാക്കുക

- അസിസ്റ്റൻറ് താലൂക്ക് സപ്ലൈ ഓഫീസർ/മാനേജർ, ഓഫീസിലെ മറ്റു ജീവനക്കാർ എന്നിവരുടെ ജോലി നിർവഹണത്തിന്റെ മേൽനോട്ടം.

<u>**താലൂക്ക് സപ്ലൈ ഓഫീസറുടെ റേഷനിംഗുമായി ബന്ധപ്പെട്ട ചുമതലകൾ**</u>

- സേവനാവകാശ നിയമം 2012 പ്രകാരം നിശ്ചയിച്ചിട്ടുള്ള സമയപരിധിയിൽ റേഷൻ കാർഡും റേഷൻ കാർഡ് സംബന്ധിച്ച മറ്റ് അപേക്ഷകളും തീർപ്പാക്കുക.
- അനർഹമായി മുൻഗണന കാർഡ് കൈവശം വെച്ചിട്ടുള്ള ഉപഭോക്താക്കളെ ഫീൽഡ് തല പരിശോധനകളിലൂടെ കണ്ടെത്തി ഇത് സംബന്ധിച്ച കണക്കുകൾ ജില്ലാ സപ്ലൈ ഓഫീസർ മുഖേന എല്ലാ മാസവും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നൽകുക. ഇത്തരം കാർഡ് ഉടമകൾക്ക് എതിരെ നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി നടപടികൾ സ്വീകരിക്കുക.
- റേഷൻ കാർഡ് പുതുക്കലിനുള്ള നിർദ്ദേശം ലഭിച്ചാൽ ഉടൻ പുതുക്കലിനുള്ള നടപടികൾ സ്വീകരിക്കുക
- താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് പൊതുജന പരാതി പരിഹാരത്തിനായി ഹെൽപ്പ് ഡെസ്ക് രൂപീകരിച്ച് പ്രവർത്തനം നടത്തുക
- കേരള ഭക്ഷ്യ ഭദ്രത ചട്ടങ്ങൾ 2018 ലെ റോൾ 23 പ്രകാരമുള്ള താലൂക്ക് തല പരാതിപരിഹാര സംവിധാനത്തിന് നോഡൽ ഓഫീസറായി പ്രവർത്തിക്കുക
- താലൂക്ക് തല അലോട്ട്മെൻറ് FCI യിൽ നിന്നും വിട്ടെടുത്തെന്ന് ഉറപ്പുവരുത്തുക, കൃത്യസമയത്ത് പോളിസി എൻറർ ചെയ്യുക
- പ്രതിമാസ റേഷനിംഗ് റിപ്പോർട്ട് തൊട്ടടുത്ത മാസം 15-ാം തീയതിക്ക് മുൻപായി സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നൽകിയെന്ന് ഉറപ്പാക്കുക

- ക്ഷേമ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള പെർമിറ്റുകൾ പരിശോധിക്കുകയും അനർഹമായി കാണപ്പെടുന്നവ റദ്ദാക്കി അനർഹമായി വാങ്ങിയ റേഷൻ സ്ഥാപനങ്ങളുടെ വില ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുക
- റേഷൻ വിതരണം തടസ്സമില്ലാതെ നടക്കുന്നു എന്നുറപ്പാക്കുക.
- ഗവൺമെന്റിലേക്ക് കിട്ടുവാനുള്ള കുടിശ്ശിക തുക ഈടാക്കുക
- E.C.Act (Essential Commodities Act,1955) പ്രകാരം പൊതു വിപണിയിലെ കരിഞ്ചന്തയും, പൂഴ്ത്തിവെയ്പ്പും, അമിതവിലയും തടയുന്നതിന് ആവശ്യമായ പരിശോധന നടത്തുക
- താലൂക്കിലെ മൊത്തം റേഷൻ കടകളുടെ മുപ്പത് ശതമാനം കടകൾ എല്ലാ മാസവും പരിശോധിക്കുക
- താലൂക്കിലുള്ള എല്ലാ മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളും എല്ലാ മാസവും പരിശോധിക്കുക
- NFSA ഗോഡൗണുകൾ എല്ലാ മാസവും പരിശോധിച്ച റിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർ മുഖേന സിവിൽ സപ്ലൈസ് കമ്മീഷണർ/സിവിൽ സപ്ലൈസ് ഡയറക്ടർ/റേഷനിംഗ് കൺട്രോളർ എന്നിവർക്ക് നൽകുക
- താലൂക്കിലെ ഗ്യാസ് ഏജൻസികൾ, പെട്രോൾ പമ്പുകൾ എന്നിവ കൃത്യമായ ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുക
- റേഷനിങ് ഇൻസ്പെക്ടർമാരുടെ ടൂർ ഡയറി പരിശോധിച്ച അവലോകനറിപ്പോർട്ട് ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകുക
- അതോറിറ്റി ലിസ്റ്റ് പ്രകാരമുള്ള റേഷൻ സാധനങ്ങളുടെ വില സർക്കാർ ശീർഷകത്തിലേക്ക് കൃത്യസമയത്ത് അടവാക്കിയെന്ന് ഉറപ്പുവരുത്തുക
- താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ഓഫീസർ എല്ലാ മാസവും 15 ദിവസം പരിശോധന യാത്രകൾ നടത്തിയിരിക്കണം. പരിശോധന യാത്ര പ്രോഗ്രാം ഓരോ മാസവും മുൻകൂറായി ജില്ലാ

സപ്ലൈ ഓഫീസറെ അറിയിച്ചിരിക്കേണ്ടതും പരിശോധന യാത്ര ഡയറി തൊട്ടടുത്ത മാസം അഞ്ചാം തീയതിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.

- അവശ്യ വസ്തുക്കളുടെ ലഭ്യത എല്ലാ സമയത്തും പ്രത്യേകിച്ച് ഉത്സവ സീസൺ പ്രകൃതി ദുരന്തം ഉടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ താലൂക്കിൽ ഉറപ്പാക്കണം ഇത്തരം സാഹചര്യങ്ങളിൽ ജില്ലാ സപ്ലൈ ഓഫീസർക്ക് ആവശ്യമായ പിന്തുണ നൽകണം
- വിവരാവകാശ ഓഫീസർ എന്ന നിലയിൽ വിവരാവകാശം നിയമം 2005 പ്രകാരമുള്ള നടപടികൾ കൃത്യമായി പാലിക്കണം

<u>**താലൂക്ക് സപ്ലൈ ഓഫീസറുടെ ഉത്തരവാദിത്വങ്ങൾ**</u>

- ആവശ്യമായ റേഷൻ സാധനങ്ങളുടെ സ്റ്റോക്ക് NFSA ഗോഡൗണിലും മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- ഓരോ മാസത്തേക്കും അനുവദിക്കുന്ന റേഷൻ സാധനങ്ങൾ നിശ്ചിത സമയത്തിനകം സ്റ്റോക്ക് വിട്ടെടുക്കുന്നുവെന്നും അനുവദിച്ച സ്റ്റോക്ക് ലാപ്സ് ആകുന്നില്ലെന്നും ഉറപ്പാക്കുക
- ഓരോ മാസത്തേക്കും ആവശ്യമായ റേഷൻ സാധനങ്ങൾ തലേ മാസം അവസാന പ്രവർത്തി ദിവസത്തിന് മുമ്പായി റേഷൻ കടകളിൽ എത്തുന്നുവെന്ന് ഉറപ്പാക്കുക
- ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള വിജിലൻസ് കമ്മിറ്റികൾ യഥാസമയം വിളിച്ച ചേർക്കുക
- ജില്ലാ സപ്ലൈ ഓഫീസിലേക്കും സിവിൽ സപ്ലൈസ് കമ്മീഷണററ്റിലേക്കും നൽകുവാനുള്ള ആനുകാലികങ്ങൾ യഥാസമയം നൽകിയെന്ന് ഉറപ്പാക്കുക

- വാതിൽപ്പടി വിതരണം സ്റ്റോക്ക് വിട്ടെടുപ്പ് എന്നിവ സംബന്ധിച്ച് ദിനംപ്രതിയുള്ള റിപ്പോർട്ട് അതാത് ദിവസം തന്നെ വൈകുന്നേരം 3 മണിക്ക് മുൻപായി ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകുക.
- ജീവനക്കാരുടെ വേക്കൻസി റിപ്പോർട്ട് DCB (Daily Cash Balance) എന്നിവ എല്ലാ മാസവും 2-ാംതീയതിക്ക് മുമ്പായി ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകുക.
- റേഷൻ പെർമിറ്റ് ഉടമയുടെ സ്റ്റോക്കിലോ അക്കൗണ്ടിലോ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുകയോ അധികാരികൾ പുറപ്പെടുവിച്ച ഏതെങ്കിലും നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കണ്ടെത്തുകയോ ചെയ്താൽ TSO/CRO KTPDS ലെ ഖണ്ഡിക 24 പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

**<u>അസിസ്റ്റൻറ് താലൂക്ക് സപ്ലൈഓഫീസർ</u>**

അസിസ്റ്റൻറ് താലൂക്ക് സപ്ലൈ ഓഫീസർ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ജോലിചെയ്യുന്ന രണ്ടാമത്തെ ഉയർന്ന ഉദ്യോഗസ്ഥനാണ്. നിലവിലുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനത്തിന് അതാത് പ്രദേശത്തെ നടത്തിപ്പിൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസറെ സഹായിക്കുക എന്നതാണ് ഇവരുടെ പൊതുവായ ചുമതല. സിറ്റി റേഷനിംഗ് ഓഫീസുകളിൽ ഈ തസ്തിക ഓഫീസ് മാനേജർ എന്നറിയപ്പെടുന്നു. ATSO യുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നു.

**<u>അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും</u>**

- താലൂക്ക് സപ്ലൈ ഓഫീസറുടെ അഭാവത്തിൽ പകരം ക്രമീകരണങ്ങൾ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ താലൂക്ക് സപ്ലൈ ഓഫീസിന്റെ ചുമതലകൾ നിർവഹിക്കുക.

- താലൂക്ക് സപ്ലൈ ഓഫീസറെ തങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവഹിക്കുന്നതിൽ സഹായിക്കുക.
- അസിസ്റ്റൻറ് വിവരാവകാശ ഓഫീസറുടെ ചുമതലകൾ നിർവഹിക്കുക.
- റേഷനിംഗ് ഇൻസ്പെക്ടർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസിലെ മറ്റു ജീവനക്കാരുടെയും ജോലികളുടെ മേൽനോട്ടം വഹിക്കുക.
- പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കണ്ടെത്തുക.
- ജില്ലാ സപ്ലൈ ഓഫീസ്/സിവിൽ സപ്ലൈസ് കമ്മീഷണറേറ്റിലേക്കും നൽകുവാനുള്ള ആനുകാലികങ്ങൾ യഥാസമയം അയച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുക
- റേഷനിംഗുമായി ബന്ധപ്പെട്ട എല്ലാ ജോലികൾ സംബന്ധിച്ചും കൃത്യമായ അറിവ് ഉണ്ടായിരിക്കേണ്ടതാണ്. താലൂക്ക് സപ്ലൈ ഓഫീസറുടെ അഭാവത്തിൽ ആഫീസുമായി ബന്ധപ്പെട്ടുണ്ടാകുന്ന എല്ലാ വിഷയങ്ങളും താലൂക്ക് സപ്ലൈ ഓഫീസറെ യഥാസമയം അറിയിക്കുക.

**<u>റേഷനിംഗ് ഇൻസ്പെക്ടർ</u>**

താലൂക്ക് സപ്ലൈ ഓഫീസറുടെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് അവരവരുടെ അധികാരപരിധിയിലുള്ള പ്രദേശത്തെ (ഫർക്ക) റേഷൻ വിതരണത്തിന്റെ നടത്തിപ്പിൽ മേൽനോട്ടം വഹിക്കുക എന്നതാണ് പ്രധാന കർത്തവ്യം. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നു.

**<u>റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും</u>**

➔ അധികാരപരിധിയിലുള്ള FPS കളിൽ എല്ലായ്പ്പോഴും ആവശ്യത്തിന് സ്റ്റോക്ക് ഉറപ്പുവരുത്തുക

- FCI ഡ്യൂട്ടിയിൽ നിയോഗിക്കുമ്പോൾ, ലിഫ്റ്റിംഗ് കൃത്യമായി നിരീക്ഷിക്കുകയും അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ കൃത്യസമയത്ത് പൂർണ്ണമായും വിട്ടെടുത്തുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

- അധികാരപരിധിയിൽ വരുന്ന FPS കളിൽ വാതിൽപ്പടി വിതരണം കൃത്യസമയത്ത് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും കാലതാമസം ഉണ്ടാവുകയാണെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസറുമായി ബന്ധപ്പെട്ട് പരിഹാരനടപടികൾ സ്വീകരിക്കേണ്ടതുമാണ്

- പൊതുജനങ്ങളിൽ നിന്നോ ഉന്നത ഉദ്യോഗസ്ഥരിൽ നിന്നോ സർക്കാരിൽ നിന്നോ ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി അന്വേഷണം നടത്തി താലൂക്ക് സപ്ലൈ ഓഫീസർ മുഖേന റിപ്പോർട്ട് സമർപ്പിക്കണം

- RCMS (Ration Card Management System) ൽ വന്നിട്ടുള്ള കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും TSO യുടെ നിർദ്ദേശത്തിന് അനുസരിച്ച് പരിശോധിച്ച തിരുത്തലുകൾ ഉണ്ടെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്

- തന്റെ അധികാരപരിധിയിലുള്ള FPS (Fair Price Shop), ക്ഷേമ സ്ഥാപനങ്ങൾ, പെട്രോൾ പമ്പുകൾ, ഗ്യാസ് ഏജൻസികൾ എന്നിവ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കി റഫറൻസിനായി സൂക്ഷിച്ചിരിക്കേണ്ടതാണ്

- അധികാരപരിധിയിലുള്ള എല്ലാ FPS കളുടെയും പരിശോധന കുറഞ്ഞത് രണ്ടുമാസം കൊണ്ട് പൂർത്തിയാക്കണം ഇതിൻപ്രകാരമുള്ള റിപ്പോർട്ട് എല്ലാ മാസവും നിശ്ചിത തീയതിക്കകം താലൂക്ക് സപ്ലൈ ഓഫീസർക്ക് കൈമാറണം

- ➔ റേഷനിംഗ് ഇൻസ്പെക്ടർമാർ ഒരു തൻപതിവേട് (Personal Register) സൂക്ഷിക്കുകയും ഓൺലൈനായും, അല്ലാതെയും വരുന്ന ഔദ്യോ ഗിക കത്തുകളും അപേക്ഷകളും ടി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ട താണ്.
- ➔ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കുന്ന അതോറിറ്റി ലിസ്റ്റ് അനുസരിച്ച് കൃത്യസമയത്ത് ഭക്ഷ്യധാന്യങ്ങളുടെ വിട്ടെടുക്കൽ ഉറപ്പുവരുത്തണം
- ➔ റേഷൻ ഇൻസ്പെക്ടർമാർ നിശ്ചിത മാതൃകയിൽ ഒരു ടൂർ ഡയറി എഴുതി സൂക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ TSO യ്ക്ക് സമർപ്പിക്കേണ്ടതുമാണ്.
- ➔ പുതിയ റേഷൻ കാർഡിനും കാർഡ് സംബന്ധമായ മറ്റ് അപേക്ഷകളും പരിശോധന ആവശ്യമെങ്കിൽ, സമയബന്ധിതമായി പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

**<u>റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം</u>**

മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ **അഗളി, മണ്ണാർക്കാട്, അലനല്ലൂർ** എന്നി **3** ഫർക്കകളാണ് ഉള്ളത്. ഒരു ഫർക്കയ്ക്ക് ഒരു റേഷനിംഗ് ഇൻസ്പെക്ടർ വീതമാണുള്ളത്. ടിയാർകളുടെ ഓരോരുത്തരുടെയും ജോലിഭാരവും ഒരുമിച്ചുള്ള ആകെ ജോലിഭാരവും ചുവടെ ചേർക്കും പ്രകാരം നിർണ്ണയിക്കുകയുണ്ടായി.

പട്ടിക 6.2

**റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം**

| ഫർക്ക | ജോലിഭാരം (മിനിട്ടിൽ) | P&F അലവൻസ് (15%) | ആകെ ജോലി ഭാരം (മിനിട്ടിൽ) | Total Man Hours |
|---|---|---|---|---|
| അഗളി | 130920 | 19638 | 150558 | 2509 |
| മണ്ണാർക്കാട് | 128375 | 19256 | 147631 | 2461 |
| അലനല്ലൂർ | 129230 | 19384 | 148614 | 2476 |
| | 388525 | 58278 | 446803 | 7447 |
| Man-power Index | | | | 4.38 |
| Number of Rationing Inspectors required | | | | 5 |

ടി താലൂക്ക് സപ്ലൈ ഓഫീസിലെ 3 റേഷനിംഗ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം നിർണ്ണയിച്ചപ്പോൾ ലഭിച്ച Man-power Index 4.38 ആണ്. ഇവിടെ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് അധികരിച്ച ജോലിഭാരം ഉള്ളതായി കാണുന്നതിനാൽ നിലവിലുള്ള 3 തസ്തികകൾ പര്യാപ്തമല്ല.

**മണ്ണാർക്കാട് TSO യിലെ ക്ലറിക്കൽ വിഭാഗം**

ടി ഓഫീസിൽ ആകെ 5 ക്ലർക്കുമാരാണുള്ളത്. ടി ഓഫീസിലെ 2024 ലെ വിഷയ നിർണ്ണയ ഉത്തരവ് പ്രകാരം ഓരോ ക്ലറിക്കൽ സെക്ഷനുകളിലും കൈകാര്യം ചെയ്യുന്ന വിവിധ വിഷയങ്ങൾ ചുവടെ കാണാവുന്നതാണ്.

**സെക്ഷൻ - A**

1. ശമ്പളം, ജീവനക്കാരുടെ സർവ്വീസ് കാര്യങ്ങൾ, ഇൻക്രിമെന്റ് തുടങ്ങിയ വിഷയങ്ങൾ
2. വിവരാവകാശ അപേക്ഷകൾ സംബന്ധിച്ച ഫയലുകൾ.

3. വരവ്വ ചെലവ്വ ശീർഷകങ്ങളുടെ ഒത്തു നോക്കൽ പത്രികകൾ തയ്യാറാക്കലും കൃത്യ സമയത്ത് സർക്കാരിലേക്ക് സമർപ്പിക്കലും
4. വട്ട പരിശോധന റിപ്പോർട്ടുകൾ സംബന്ധിക്കുന്ന ഫയലുകൾ
5. കണ്ടിജന്റ് ചെലവുകളുമായി ബന്ധപ്പെട്ട ഫയലുകൾ.
6. താലൂക്ക് വികസന സമിതികൾ, എംപവേർഡ് കമ്മിറ്റി മീറ്റിംഗുകൾ, ജില്ലാ സപ്ലൈ ഓഫീസറുടെയും മറ്റ് മേലോഫീസുകളുടെയും വിവിധ യോഗങ്ങൾ എന്നിവയ്ക്ക് വേണ്ട അജണ്ടകൾ തയ്യാറാക്കൽ, തുടർനടപടികൾ സ്വീകരിക്കൽ എന്നിവ സംബന്ധിച്ച ഫയലുകൾ.
7. ക്യാഷ് ബുക്ക്, വിവിധ രജിസ്റ്ററുകൾ എന്നിവയുടെ പരിപാലനം.

**<u>സെക്ഷൻ - B</u>**

1. റേഷൻ കട ലൈസൻസുകളുമായി ബന്ധപ്പെട്ട ഫയലുകൾ.
2. മണ്ണെണ്ണ അലോട്ട്മെന്റ്, അതോറിറ്റി ലിസ്റ്റ്, മണ്ണെണ്ണയുടെ വിട്ടെടുപ്പ് നിരീക്ഷണം, DC (Differential Cost), PEC (Price Equalization Charge) എന്നിവയുടെ കണക്കുകൾ തയ്യാറാക്കലും രജിസ്റ്ററുകളുടെ പരിപാലനവും, വിലനിർണ്ണയ പത്രികകൾ തയ്യാറാക്കി കൃത്യസമയത്ത് അംഗീകാരത്തിന് സമർപ്പിക്കൽ, മണ്ണെണ്ണയുടെ ഓഫ് ടേക്ക് പരിശോധന
3. റേഷൻ വ്യാപാരികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട ഫയലുകൾ
4. റേഷൻ കടകളിലെ സെയിൽസ് മാൻ നിയമനം.
5. റേഷൻ കടകളുടെ കെട്ടിടമാറ്റം, അധിക കടമുറി അനുവദിക്കുന്നത് സംബന്ധിച്ച ഫയലുകൾ.
6. മണ്ണെണ്ണ ലൈസൻസുമായി ബന്ധപ്പെട്ട ഫയലുകൾ
7. ഗ്യാസ് ഏജൻസികളുമായി ബന്ധപ്പെട്ട പരാതികൾ സംബന്ധിച്ച ഫയലുകൾ
8. സഞ്ചരിക്കുന്ന റേഷൻ കടയുമായി ബന്ധപ്പെട്ട ഫയലുകൾ
9. കെ - സ്റ്റോർ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ.

**സെക്ഷൻ - C**

1. റേഷൻ കടപരിശോധനയുമായി ബന്ധപ്പെട്ട ഫയലുകൾ
2. കേസ് ഡയറി, പണിഷ്മെന്റ് രജിസ്റ്റർ, പണിഷ്മെന്റ് ലഡ്ജർ എന്നിവയുടെ പരിപാലനം
3. ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും DYCR (Deputy Control of Rationing) - ൽ നിന്നുമുള്ള പരിശോധനകൾ, പിഴഈടാക്കൽ എന്നിവ സംബന്ധിച്ച ഫയലുകൾ.
4. പൊതുവിപണി പരിശോധനയും പിടിച്ചെടുക്കുന്ന ഭക്ഷ്യധാന്യങ്ങളും സംബന്ധിച്ച ഫയലുകൾ
5. അവശ്യസാധന നിയമവുമായി ബന്ധപ്പെട്ട ഫയലുകൾ

**സെക്ഷൻ - D**

1. ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ്, വാതിൽപ്പടി വിതരണം, FCI യിൽ നിന്നുള്ള വിട്ടെടുപ്പ്, ഓഫ്ടേക്ക് പരിശോധന, വിതരണ പോളിസി സംബന്ധിച്ച കാര്യങ്ങൾ.
2. റേഷൻ സാധനങ്ങളുടെ വില ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ
3. ASC (Administrative Sur charge), PD (Personal Deposit) എന്നിവ സംബന്ധിച്ച ഫയലുകൾ.
4. റേഷൻ വ്യാപാരികളുടെ കമ്മീഷൻ
5. റേഷൻ വ്യാപാരികളുടെ TDS മായി ബന്ധപ്പെട്ട ഫയലുകൾ
6. DCB തയ്യാറാക്കലും സമർപ്പിക്കലും.
7. 2408 - വരുമാന ശീർഷകത്തിന്റെ ഒത്തു നോക്കൽ.
8. വിജിലൻസ് സമിതികൾ.
9. വെൽഫെയർ സ്ഥാപനങ്ങളുടെ അലോട്ട്മെന്റ്

10. NFSA ഗോഡൗണുകളുടെ സ്റ്റോക്ക് പരിശോധന, റീക്കൺസിലേഷൻ.
11. ഭക്ഷ്യധാന്യക്കിറ്റ് വിതരണവുമായി ബന്ധപ്പെട്ട ഫയലുകൾ

**<u>സെക്ഷൻ - E</u>**

1. റേഷൻ കാർഡ് സംബന്ധിച്ച ഓൺലൈൻ അപേക്ഷകളുടെ ENTRY, ആവശ്യമായ അപേക്ഷകൾ റേഷനിംഗ് ഇൻസ്പെക്ടർമാർക്ക് നൽകൽ.
2. വെൽഫെയർ സ്ഥാപനങ്ങൾ, ജനകീയ ഹോട്ടലുകൾ എന്നിവയുടെ പെർമിറ്റ്.
3. മുൻഗണനാ, AAY വിഭാഗത്തിലേക്ക് റേഷൻ കാർഡ് തരം മാറ്റുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ
4. സേവനാവകാശ നിയമം, മുൻഗണനാ കാർഡ് തരം മാറ്റിയതിനായി ലഭ്യമായ പരാതികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവയുടെ Monthly Proforma റിപ്പോർട്ടുകൾ.
5. റേഷൻ കാർഡ് തരം മാറ്റുന്നതിനും പരാതികൾ പരിഹരിക്കുന്നതിനുമായി സംഘടിപ്പിക്കുന്ന വിവിധ അദാലത്തുകൾ (കരുതലും കൈത്താങ്ങും, തെളിമ, നവകേരളം തുടങ്ങിയവ) എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ
6. അനർഹമായി റേഷൻ കാർഡ് കൈവശം വക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരാതികൾ എന്നവയിലെ നടപടികൾ.
7. PG (Public Grievance) Portal, CMO Portal, e-District എന്നീ പോർട്ടലുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിഹരിക്കൽ.
8. ഒപ്പം പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ
9. വിവിധ വകുപ്പുകൾ റേഷൻ കാർഡുമായി ബന്ധപ്പെട്ട് നൽകുന്ന അപേക്ഷകളുടെ ഫയലുകൾ

## <u>മണ്ണാർക്കാട് TSO യിലെ ക്ലർക്കുമാരുടെ ജോലിഭാരം</u>

ടി ഓഫീസിലെ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള ക്ലർക്കുമാരുടെ ജോലിഭാരം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിർണ്ണയിക്കുകയുണ്ടായി.

**പട്ടിക 6.3**
**ക്ലർക്കുമാരുടെ ജോലിഭാരം**

| സെക്ഷൻ | ജോലിഭാരം (മിനിട്ടിൽ) | P&F അലവൻസ് (15%) | ആകെ ജോലി ഭാരം (മിനിട്ടിൽ) | Total Man Hours |
|---|---|---|---|---|
| A | 115418 | 17313 | 132731 | 2212 |
| B | 119474 | 17921 | 137395 | 2290 |
| C | 117138 | 17571 | 134709 | 2245 |
| D | 120230 | 18035 | 138265 | 2304 |
| E | 109085 | 16363 | 125448 | 2091 |
| Total | 581345 | 87203 | 668548 | 11142 |
| Man-power Index | | | | 6.55 |
| Number of Rationing Inspectors required | | | | **7** |

ടി താലൂക്ക് സപ്ലൈ ഓഫീസിലെ നിലവിലുള്ള 5 ക്ലർക്കുമാരുടെ ജോലിഭാരം നിർണ്ണയിച്ചപ്പോൾ ലഭിച്ച Man-power Index 6.55 ആണ്. ടി ഓഫീസിലെ നിലവിലെ ജോലി കാര്യക്ഷമമായി നിർവഹിക്കുന്നതിന് നിലവിലുള്ള ക്ലറിക്കൽ തസ്തികകൾ പര്യാപ്തമല്ലെന്നു കാണുന്നു.

**<u>മണ്ണാർക്കാട് TSO യിലെ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ ചുമതലകളും ഓഫീസ് സംബന്ധമായ പ്രവർത്തനങ്ങളും</u>**

**<u>ടൈപ്പിസ്റ്റ്</u>**

1. ഈ മെയിൽ/ CRU മുഖേനയും അല്ലാതെയും ലഭിക്കുന്ന എല്ലാ തപാലുകളും e-Office ൽ ചേർത്ത് കക്ഷികൾക്ക് രശീതി നൽകുകയും എല്ലാ തപാലുകളും അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർക്ക് അയക്കുകയും ചെയ്യുക, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ എഴുതി പരിപാലിക്കുക.
2. അടിയന്തര പ്രാധാന്യമുള്ള തപാലുകൾ സെക്ഷൻ/TSO/ATSO എന്നിവരുടെ ശ്രദ്ധയിൽ പെടുത്തുക .
3. ഡെസ്പാച്ച് രജിസ്റ്റർ പരിപാലിക്കുക
4. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിപാലിക്കുക.
5. റേഷൻ കാർഡ് അപേക്ഷകളുടെ ഡാറ്റാ എൻട്രി നിർവഹിക്കുക.
6. തപാലുകൾ തരംതിരിച്ച് സൂക്ഷിക്കുക, മേൽ ഓഫീസുകളിലേക്ക് സമർപ്പിക്കേണ്ട അപേക്ഷകളുടെ ഹാർഡ് കോപ്പി സെക്ഷനുകളിൽ നിന്ന് ആവശ്യപ്പെടുന്ന സന്ദർഭങ്ങളിൽ ലഭ്യമാക്കുക. ഇത്തരം സാഹചര്യങ്ങളിൽ അവയുടെ പകർപ്പുകൾ തപാലിൽ സൂക്ഷിക്കുക.

**<u>ഓഫീസ് അറ്റൻഡൻറ്</u>**

1. ഫ്രണ്ട് ഓഫീസ് കൈകാര്യം ചെയ്യുക.
2. ട്രഷറി, പോസ്റ്റ് ഓഫീസ്, ബാങ്ക് എന്നിവിടങ്ങളിൽ ആവശ്യാനുസരണം പോകുക.
3. ലാന്റ് ഫോണിൽ വരുന്ന കോളുകൾ അറ്റന്റ് ചെയ്യുകയും റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകളാണെങ്കിൽ RCMS - ൽ നിലവിലെ അപേക്ഷയുടെ status പരിശോധിച്ച് മറുപടി നൽകുക.
4. RCMS - ൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട് വരുന്ന അപേക്ഷകളുടെ entry നടത്തുക.

പ്രവൃത്തിപഠനത്തിന്റെ ഭാഗമായി മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിലെ സൂപ്പർവൈസറി തസ്തികളിലെ ചുമതലകളും ഉത്തരവാദിത്തങ്ങളും വിശകലനം ചെയ്യുകയും റേഷനിംഗ് ഇൻസ്പെക്ടർമാർ, ക്ലർക്കുമാർ എന്നി തസ്തികകളിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം ശാസ്ത്രീയമായി അപഗ്രഥിക്കുകയും, ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ എന്നീ തസ്തികളുടെ ചുമതലകളും പ്രവർത്തനങ്ങളും കൂടി നിരിക്ഷിക്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ ടി ഓഫീസിലുള്ള സൂപ്പർവൈസറി തസ്തികയിലുള്ള TSO, ATSO, റേഷനിംഗ് ഇൻസ്പെക്ടർമാർ, ക്ലർക്കുമാർ എന്നിവർക്ക് വർദ്ധിച്ച ജോലിഭാരവും മറ്റുള്ള എല്ലാ ഉദ്യോഗസ്ഥർക്കും സാധാരണ ജോലിഭാരവും ഉള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്ന പക്ഷം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ജീവനക്കാരെ പുനർവിന്യാസം ചെയ്യാൻ നിർവാഹമില്ലയെന്ന് കണ്ടെത്താൻ കഴിഞ്ഞു.

# അധ്യായം 7
# സൃഷ്ടിക്കേണ്ട തസ്തികകളും സാമ്പത്തിക ബാധ്യതയും

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ ലഭ്യമാക്കിയിരിക്കുന്ന പ്രസ്തുത പ്രപ്പോസലിൽ ചുവടെ ചേർക്കുന്ന 09 ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

**പട്ടിക.7.1**
**സൃഷ്ടിക്കേണ്ട തസ്തികകൾ**

| നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | താലൂക്ക് സപ്ലൈ ഓഫീസർ | 01 |
| 2 | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ | 01 |
| 3 | റേഷനിംഗ് ഇൻസ്പെക്ടർ (24 ARD-ക്ക് ഒരാൾ ) | 02 |
| 4 | ക്ലാർക്ക് -1.റേഷനിംഗ്<br>2.ജിവനക്കാര്യം<br>3.റേഷൻ കാർഡ്<br>4.ശിക്ഷാനടപടി ARD അനുബന്ധ വിഷയങ്ങൾ | 04 |
| 5 | ഡ്രൈവർ/ഓഫീസ് അറ്റൻഡന്റ് | 01 |
| | ആകെ | 09 |

പുതുതായി തസ്തികകൾ സൃഷ്ടിക്കേണ്ടതു മൂലം വകുപ്പിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യതചുവടെ ചേർക്കുന്നു.

പട്ടിക.7.2

തസ്തികകൾ സൃഷ്ടിക്കുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത

| Sl No | തസ്തിക | No | Scale of Pay | DA @ 9 % | HRA 4%/ | Hill tract | [BP+DA +HRA +HTA] | ആകെ വാർഷിക ബാധ്യത |
|---|---|---|---|---|---|---|---|---|
| 1 | **TSO** | 1 | 51400-110300 | 4626 | 2056 | 500 | 58582 x 12 | 7,02,984 |
| 2 | **ATSO** | 1 | 43400-91200 | 3906 | 1736 | 500 | 49542 x 12 | 5,94,504 |
| 3 | **RI** | 2 | 39300-83000 | 3537 | 1572 | 450 | 44859 x 2 x 12 | 10,76,616 |
| 4 | **CLERK** | 4 | 26500-60700 | 2385 | 1200 | 450 | 30535 x 4 x 12 | 14,65,680 |
| 5 | **DRIVER** | 1 | 25100-57900 | 2259 | 1200 | 300 | 28859 x 12 | 3,46,308 |
| | | | | | | | ആകെ | **41,86,092** |

പട്ടികയിൽ പരമാർശിച്ചിട്ടുള്ള പ്രകാരം 9 തസ്തികകൾ സൃഷ്ടിക്കുമ്പോൾ ശമ്പളയിനത്തിൽ പ്രതിവർഷം 41,86,092 രൂപയുടെ അധിക ചെലവ് വരുന്നതാണ്.

## അധ്യായം 8
# ശിപാർശ

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കാവുന്നതാണ്.

<u>**കൃതജ്ഞത**</u>

ഈ പ്രവൃത്തിപഠനവുമായി ബന്ധപ്പെട്ട് പ്രവൃത്തിപഠന സംഘത്തിന് നൽകിയ ആത്മാർത്ഥമായ സഹകരണത്തിന് **താലൂക്ക് സപ്ലൈ ഓഫീസ്**, മണ്ണാർക്കാട്, **ജില്ലാ സപ്ലൈ ഓഫീസ്**,പാലക്കാട്, **സപ്ലൈകോ-വിജിലൻസ് ഫ്ലയിംഗ് സ്ക്വാഡ്**, പാലക്കാട്, എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരോടും **തഹസീൽദാർ,** അട്ടപ്പാടി ട്രൈബൽ താലൂക്ക്, **അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്**, **പ്രോജക്ട് ഓഫീസർ,** ITDP, പട്ടികവർഗ്ഗ ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, അഗളി, പുതൂർ, ഷോളയൂർ എന്നിവടങ്ങളിലെ **ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ**, **ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ**, അട്ടപ്പാടി മേഖലയിലെ നഗറു **മൂപ്പന്മാർ,** **നഗറു നിവാസികൾ,** **നഗറുകളിലെ പ്രൊമോട്ടർമാർ,** **NGO സംഘടനയായ തമ്പിന്റെ പ്രസിഡന്റ്** എന്നിവരോട്ടും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ കൃതജ്ഞത അറിയിക്കുന്നു.

തിരുവനന്തപുരം

തീയതി.

**ശ്രീ. പുനീത് കുമാർ IAS**
**അഡീഷണൽ ചീഫ് സെക്രട്ടറി**
**ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിനു വേണ്ടി**